**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4130** **17-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ വേതനമാണ് മുടങ്ങിയിട്ടുള്ളതെന്നും വേതനം മുടങ്ങാനുള്ള കാരണം എന്താണെന്നും വിശദമാക്കുമോ; | (എ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം കേന്ദ്ര സർക്കാർ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. 2024 ഡിസംബർ മുതൽ കേന്ദ്രസർക്കാർ വേതന വിതരണം നടത്തിയിട്ടില്ല. 06.03.2025 തീയതിയിലെ കണക്ക് പ്രകാരം, 43394.73 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും തൊഴിലുറപ്പ് തൊഴിലാളികൾക്ക് വേതന കുടിശ്ശികയായി ലഭിക്കാനുള്ളത്. |
| (ബി) | മുടങ്ങിയ വേതനം എപ്പോൾ വിതരണം ചെയ്യുമെന്ന് അറിയിക്കുമോ? | (ബി) | കേന്ദ്ര സർക്കാർ കുടിശ്ശിക തുക അനുവദിക്കുന്ന മുറയ്ക്ക് തൊഴിലുറപ്പ് തൊഴിലാളികൾക്ക് DBT (Direct Beneficiary Transfer) സംവിധാനം മുഖേന അവരവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വേതനം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ